പാഠം 12

# അസ്വസ്ഥ പ്രവാചകൻ

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: യോനാ 1:1–4; യിരെ. 25:5; യെഹെ. 14:6; വെളി. 2:5; ലൂക്കൊ. 9:51–56; യൂദാ. 1–25.**

**മനഃപാഠവാക്യം: "എന്നാൽ വലങ്കയ്യും ഇടങ്കയ്യും തമ്മിൽ തിരിച്ചറിഞ്ഞു കൂടാത്ത ഒരു ലക്ഷത്തി ഇരുപതിനായിരത്തിൽ ചില്വാനം മനുഷ്യരും അനേകം മൃഗങ്ങളുമുള്ള മഹാഗരമായ നിനെവേയോട് എനിക്ക് അയ്യോ ഭാവം തോന്നരുതോ?" (യോനാ 4:11).**

തിരുവെഴുത്തിലെ നല്ല കഥകളിൽ ഒന്നാണ് യോനായുടെ പുസ്തകം. യോനാ ദൈവത്തിന്റെ ഒരു പ്രവാചകനായിരുന്നു. ദൈവത്താൽ വിളിക്കപ്പെട്ട ഒരുവൻ. പിന്നെ എന്തു സംഭവിച്ചു? ദൈവവിളി അനുസരിക്കാതെ അവൻ ഓടിമറഞ്ഞു. വഴിയിലെ നാടകീയ സംഭവങ്ങൾക്കുശേഷം അവൻ മടങ്ങിയെത്തി. ദൈവത്തെ അനുസരിച്ചു. പിന്നെയും എന്താണുണ്ടായത്? അവൻ സാക്ഷ്യം പറവാൻ അയയ്ക്കപ്പെട്ട ജനസമൂഹം മനംതിരിഞ്ഞുവന്നു. അവർക്കു ഭവിക്കുമായിരുന്ന വൻനാശത്തിൽനിന്ന് അവർ ഒഴിഞ്ഞിരുന്നു!

സമാധാനവും സ്വസ്ഥതയുമില്ലാതെ കരഞ്ഞുമുറയിടുന്ന ഒരുവൻ, "ആകയാൽ യഹോവേ, എന്റെ പ്രണനെ എടുത്തുകൊള്ളണമേ; ജീവിച്ചിരിക്കുന്നതിനെക്കാൾ മരിക്കുന്നത് എനിക്കു നന്ന്" എന്നു പറയുന്ന ഒരുവൻ (യോന 4:3).

യോനായുടെ കഥയിൽനിന്നു യേശു തന്നെയും എടുത്തു പറഞ്ഞിരിക്കുന്നു. "നിനെവേക്കാർ ന്യായവിധിയിൽ ഈ തലമുറയോട് ഒന്നിച്ച് എഴുന്നേറ്റ് അതിനെ കുറ്റം വിധിക്കും; അവർ യോനയുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടുവല്ലോ; ഇതാ ഇവിടെ യോനായിലും വലിയവൻ" (മത്തായി 12:41). വാസ്തവത്തിൽ യോനായിലും വലിയവൻ! അല്ലായിരുന്നെങ്കിൽ ആ കർത്താവിനു നമ്മുടെ രക്ഷകനാകാൻ ആകയില്ലായിരുന്നു.

യോനായുടെ അസ്വസ്ഥാവസ്ഥയും സമാധാനമില്ലായ്മയും നമ്മോടെന്തു പറയുന്നു എന്നറിവാൻ ഈ ആഴ്ച നമുക്കു യോനായുടെ പുസ്തകത്തിലേക്കു നോക്കാം.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് സെപ്റ്റംബർ 18 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ഓടി അകലുന്നു

അതിശയകരമാംവിധം വിജയിച്ച ഒരു ദൂതുവാഹകനായിരുന്നു യോന. അതേസമയം ആദ്യതവണ അവൻ താല്പര്യമില്ലാത്തവനുമായിരുന്നു. യോനാ എന്തു ചെയ്തിരുന്നെങ്കിലും ദൈവവിളി അതിലെല്ലാം അവന്റെ ജീവിതത്തിന് വലിയ രീതിയിൽ തടസ്സം വരുത്തിക്കൊണ്ടിരിക്കയായിരുന്നു. ദൈവത്തിന്റെ നുകം തന്റെ ചുമലിൽ വഹിക്കുന്നതിനു പകരം (മത്തായാ 11:30) സ്വന്ത നുകം എടുത്തുകൊണ്ടു സ്വന്ത ഇഷ്ടപ്രകാരം സ്വസ്ഥത തേടി അവൻ പുറപ്പെട്ടു. അവനോടു പോകുവാൻ ദൈവം പറഞ്ഞതിനു നേരെ വിപരീത ദിക്കിലേക്ക് അവൻ യാത്രയായി.

ദൈവവിളിയിൽനിന്നുമാറി സ്വസ്ഥതയും സമാധാനവും കണ്ടെത്താൻ എവിടെ പോകണമെന്നവൻ അലഞ്ഞു. അത് അവന് എത്ര നന്നായി ഫലിച്ചു? യോനാ ഒന്നാം അദ്ധ്യായം വായിക്കുക.

ദൈവം ആവശ്യപ്പെട്ടതിൽനിന്നു നേരെ വിപരീതമായി യോനാ പോയി. ദൈവത്തിൽനിന്നുള്ള ദൂതുവാഹകരാകാൽ വിളിക്കപ്പെട്ട മറ്റു പ്രവാചകന്മാർ തങ്ങളുടെ അയോഗ്യതകളെപ്പറ്റി ദൈവത്തോടു വാദിച്ചതുപോലെ (ഉദാഹരണത്തിന് പുറപ്പാട് 4:13 കാണുക) ദൈവത്തോടു വാദിക്കുവാൻ പോലും യോനാ തുനിഞ്ഞില്ല.

ദൈവനാമത്തിൽ സംസാരിപ്പാൻ ഇത് ആദ്യമായല്ല യോനാ വിളിക്കപ്പെടുന്നത് (2 രാജാ. 14:25 കാണുക). ദൈവം ആവശ്യപ്പെട്ടിരുന്നതെല്ലാം ചെയ്തുവന്നിരുന്ന ഒരു പ്രവാചകൻ തന്നെയായിരുന്നു യോനാ. പക്ഷേ ഇപ്പോൾ അങ്ങനെ ചെയ്യുന്നില്ല. എന്താണതിനു കാരണം?

യോനാ യിസ്രായേലിൽ പ്രവാചകനായിരുന്ന ബി.സി. 8–ാം നൂറ്റാണ്ട് കാലഘട്ടത്തിൽ പുരാതനസമീപ പൂർവ്വദേശങ്ങളെ അടക്കിവാണിരുന്ന പുതിയ അശ്ശൂർ ഭരണകർത്താക്കൾ അവരോടു കാണിച്ചുകൂട്ടിയ ക്രൂരതകൾ വിവരിക്കുന്ന ചരിത്രരേഖകൾ പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. ഏകദേശം എഴുപത്തിയഞ്ചുവർഷങ്ങൾക്കുശേഷം അശ്ശൂർ രാജാവായിരുന്ന സൻഹേരിബ് യെഹൂദയെ ആക്രമിച്ചു. അതിന് ഇരുപതുവർഷം മുമ്പുതന്നെ യിസ്രായേലും ശമര്യയും അവരുടെ കീഴിൽ വീണിരുന്നു. യെസക്കീയാവ് രാജാവ് നേരത്തെതന്നെ അശ്ശൂർ വിരുദ്ധ രാജാക്കന്മാരോടു യോജിച്ചിരുന്നു.

ഇപ്പോൾ അശ്ശൂർജനം കണക്കു ബോധിപ്പിക്കേണ്ട സമയം വന്നുകഴിഞ്ഞു. വേദപുസ്തകവും (2 രാജാ. 18,19; യെശ. 36,37 അദ്ധ്യായങ്ങൾ നോക്കുക). അശ്ശൂർ ചരിത്രസ്മാരകങ്ങളും നീനെവേയിലെ സൻഹേരിബിന്റെ കൊട്ടാര ചിത്രങ്ങളുമെല്ലാം അവരുടെ ക്രൂരതയുടെ കഥയും യെസക്കീയാ രാജാവിന്റെ തെക്കൻ സംസ്ഥാനത്തിലുള്ള ബലിഷ്ഠപട്ടണമായ ലാഖീശിന്റെ പതനവുമെല്ലാം വിവരിക്കുന്നുണ്ട്.

അന്നത്തെ ലോകദൃഷ്ടിയിൽപോലും അശ്ശൂർകാർ നീചക്രൂരന്മാരായിരുന്നു. ആ സാമ്രാജ്യത്തിന്റെ ഹൃദയഭാഗത്താണ് ഇപ്പോൾ യോനാ അയയ്ക്കപ്പെടുന്നത്.

അവിടെ പോകാൻ യോനാ ഇഷ്ടപ്പെടാത്തതിൽ അത്ഭുതമുണ്ടോ?

ദൈവത്തിങ്കൽനിന്ന് ഒളിച്ചോടുകയാണോ? നിങ്ങളത് എപ്പോഴെങ്കിലും ചെയ്തിട്ടുണ്ടോ? എങ്കിൽ അത് എങ്ങനെയായിരുന്നു? ആ തെറ്റിൽനിന്നു നിങ്ങൾ പഠിച്ച പാഠം എന്താണ്?

## മൂന്നു ദിവസ സ്വസ്ഥത

യോനാ ദൈവത്തിങ്കൽനിന്ന് ഒളിച്ചോടിയതു പ്രശ്നരഹിതമായിരുന്നില്ല. ദൈവം അതിശയകരമായി ഇടപെട്ടു കൊടുങ്കാറ്റടിച്ചപ്പോൾ യോനയുടെ സ്വസ്ഥതയ്ക്കു ഭംഗം വന്നു. ജലമാകുന്ന ശവകുടീരത്തിൽനിന്നു യോനാ രക്ഷ പ്രാപിച്ചു. യോനയെ രക്ഷിക്കേണ്ടതിനു ദൈവം ഒരു വലിയ മത്സ്യത്തെ കല്പിച്ചാക്കിയിരുന്നു. മത്സ്യത്തിന്റെ ഉള്ളിൽ കിടന്നുകൊണ്ടുള്ള യോനായുടെ നിർബന്ധിത സ്വസ്ഥത താൻ ദൈവത്തിൽ എന്തുമാത്രം ആശ്രയിക്കേണ്ടതാണെന്നുള്ളതിന്റെ ബോധോദയമായിരുന്നു. നാം വന്നു ചേരേണ്ടതിന് ഒരാവശ്യവുമില്ലാത്ത ചില സാഹചര്യങ്ങളിൽ വന്നുപെടുമ്പോഴായിരിക്കും ഈ ലോകം തരുന്ന ഏതൊന്നിലും നാം ആശ്രയിക്കേണ്ടതില്ലായെന്നും യേശു മാത്രമാണ് നമുക്കാവശ്യമെന്നും വ്യക്തമായി പഠിക്കുന്നത്. മത്സ്യത്തിന്റെ അടിത്തട്ടിൽ ഏറ്റവും ഭയാനകസ്ഥിതിയിൽ ആയിരിക്കുന്നുണ്ടെങ്കിലും വിശുദ്ധമന്ദിരത്തെക്കുറിച്ചവൻ പ്രാർത്ഥിച്ചു. "നിന്റെ വിശുദ്ധമന്ദിരത്തിങ്കലേക്കു നോക്കിക്കൊണ്ടിരിക്കും" എന്നവൻ പറയുന്നു.

ഇവിടെ എന്നാണു നടക്കുന്നത്?

അവന്റെ പ്രാർത്ഥനയുടെ പ്രധാനകേന്ദ്രം വിശുദ്ധമന്ദിരമാണ്. ഒരു സാധാരണ പ്രാർത്ഥനയിലും പ്രധാന ആശയം അതുതന്നെ. പുരാതനകാലഘട്ടങ്ങളിൽ ദൈവത്തെ കണ്ടെത്താനാകുന്ന ഏകസ്ഥാനം അതുമാത്രമായിരുന്നു. ആ ദൈവം വിശുദ്ധമന്ദിരത്തിലുണ്ട് (പുറ. 15:17; പുറ. 25:8 വായിക്കുക). പ്രാർത്ഥനയുടെയും ദൈവിക സമ്പർക്കത്തിന്റെയും പ്രധാനകേന്ദ്രം തിരുനിവാസം തന്നെ എന്നാലും ഇവിടെ യോനാ അർത്ഥമാക്കുന്നതു യെരൂശലേം ദൈവാലയമല്ല. സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തെക്കുറിച്ചവൻ സംസാരിക്കുന്നു (യോനാ. 2:7). ദൈവം ആയിരിക്കുന്നതും ദൈവം ഒരുക്കുന്ന രക്ഷ കടന്നുവരുന്നതും അവിടെനിന്നാകയാൽ അവന്റെ പ്രത്യാശയെല്ലാം അതിൽ ആശ്രയിച്ചിരിക്കുന്നു.

ഈ അത്ഭുതസത്യം അന്ത്യത്തിൽ യോനാ മനസ്സിലാക്കി. ദൈവകൃപ അവൻ അനുഭവിച്ചു. അവർ രക്ഷ പ്രാപിച്ചു. ഓടി കടന്നുകളഞ്ഞ പ്രവാചകനായ അവൻ ദൈവസ്നേഹം നന്നായി അറിയുന്നതു മത്സ്യം അവനെ കരയ്ക്കു ഛർദ്ദിച്ചുകളഞ്ഞപ്പോഴായിരുന്നു. വഴിയിൽ ചില ദുർഘടങ്ങളുണ്ടെങ്കിലും ദൈവഹിതത്തിൽത്തന്നെ ആയിരിക്കുന്നതാണ് ഏതൊരു വിശ്വാസിക്കും ആവശ്യമായ സുരക്ഷാമാർഗ്ഗം.

അങ്ങനെ അവൻ ദൈവവിളി അനുസരിപ്പാനും ചുമതലകൾ ചെയ്‌വാനും തീരുമാനിച്ചുകൊണ്ട് വിശ്വാസത്തിൽ ഉറച്ചു സംശയലേശമന്യേ നിനെവേയ്ക്കു പുറപ്പെട്ടു. ഒരു അന്യപ്രവാചകൻ വന്നു തങ്ങളുടെ തെറ്റുകൾ എടുത്തുപറയുന്നതു കേൾപ്പാൻപോലും ക്ഷമിയില്ലാത്ത നീചന്മാരായ പൗരന്മാർ നിറഞ്ഞ അതിദുഷ്ടപട്ടണമായിരുന്നു നിനെവേ. കാര്യങ്ങളുടെ നവീന കാഴ്ചപ്പാടിനു നാം ചിലപ്പോൾ പഴയതിൽനിന്നു പുറത്തുകടക്കേണ്ടതായി വരും. മത്സ്യത്തിന്റെ വയറ്റിൽ അതിശയകരമായി ജീവനോടിരുന്ന യോനായുടെ കഥ ഒരു കടുത്ത സംഭവമായിരുന്നെങ്കിലും നിങ്ങളുടെ സാധരണ ചുറ്റുപാടുകളിൽനിന്ന് ഒഴിഞ്ഞുമാറി പുതിയൊരു ചുറ്റുപാടിൽനിന്നുകൊണ്ടു നോക്കുമ്പോൾ എന്തു നവീന കാഴ്ചപ്പാട് നിങ്ങൾക്കുണ്ടാകും?

## ദൗത്യം നിറവേറ്റി

യിസ്രായേൽ പട്ടണങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നിനെവേ നഗരം ഏറ്റവും വലുതായിരുന്നു. "നിനെവേ മൂന്നു ദിവസത്തെ വഴിയുള്ള അതി മഹത്തായൊരു നഗരമായിരുന്നു" (യോന. 3:3).

യോനാ 3:1–10 വായിക്കുക. ഈ ദുഷ്ടനഗരത്തിന്റെ പ്രതികരണം എന്തായിരുന്നു. മറ്റുള്ളവർക്കു സാക്ഷ്യം വഹിക്കുന്ന നമ്മുടെ പരിശ്രമത്തിൽ ഈ കഥയിൽനിന്നു നാം എന്തുപാഠം പഠിക്കുന്നു?

നഗരത്തിൽ നടക്കുമ്പോൾ തന്നെ യോനാ ദൈവിക സന്ദേശം ഘോഷിച്ചുകൊണ്ടിരുന്നു. "ഇനി നാല്പതു ദിവസം കഴിഞ്ഞാൽ നിനെവേ ഉന്മൂലമാകും എന്നു ഘോഷിച്ചുപറഞ്ഞു" (യോനാ 3:4). ആ ദൂതു ലക്ഷ്യസ്ഥാനത്തെത്തി. അതിന്റെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലായെങ്കിലും താല്പര്യമുള്ള കാതുകളിൽ അത് എത്തിയെന്നുള്ളതു തീർച്ചയാണ്. യോനായുടെ മുന്നറിയിപ്പ് ജനം മൊത്തം വിശ്വസിച്ചു.

ഹൃദയരൂപാന്തരം വന്നു കഴിഞ്ഞു എന്നു വെളിപ്പെടുത്തേണ്ടതിനു സമീപ പൗരസ്ത്യ മാതൃകപ്രകാരം നിനെവേ രാജാവുതന്നെ പ്രഖ്യാപനം പ്രസിദ്ധമാക്കി. മൃഗങ്ങളടക്കം എല്ലാവരും കരഞ്ഞു നിലവിളിച്ച് ഉപവസിക്കണം. മൃഗങ്ങൾ എങ്ങനെ നിലവിളിക്കണമെന്നതു വാക്യം പറയുന്നില്ല. ഒരു സുപ്രധാന അടയാളമെന്നവണ്ണം രാജാവുതന്നെ സിംഹാസനത്തിൽ നിന്നിറങ്ങി പൊടിയിൽ ഇരുന്നു.

യോനാ 3:6–9 വായിക്കുക. അതിനോടു യിരെ. 25:5; യെഹെ. 14:6; വെളി. 2:5 എന്നിവ താരതമ്യം ചെയ്യുക. രാജാവിന്റെ സംസാരത്തിൽ എന്തെല്ലാം ഘടകങ്ങൾ അടങ്ങിയിരിക്കുന്നു എന്നും ശരിയായ അനുതാപം എന്താണെന്ന് അവർ മനസ്സിലാക്കിയതിനെ സംബന്ധിച്ചും ഇത് എന്തു പറയുന്നുണ്ട്?

പ്രസംഗം വളരെ ഹ്രസ്വവും ശ്രദ്ധേയവും ശരിയായ അനുതാപത്തെ കുറിക്കുന്നതുമായിരുന്നു. യോനായുടെ പ്രസംഗസമയം പരിശുദ്ധാത്മാവ് നല്ലവണ്ണം നിനെവേക്കാരുടെ ഹൃദയങ്ങളിൽ പ്രവർത്തിക്കുകയായിരുന്നു.

യിസ്രായേലിനുണ്ടായതുപോലെ ദൈവ നടത്തിപ്പിനെ സംബന്ധിക്കുന്ന എല്ലാ കഥകളും നിനെവേക്കാർക്കു ലഭ്യമായിട്ടില്ലായെങ്കിലും അവർ ദൈവത്തോടു നല്ല രീതിയിൽ പ്രതികരിച്ചു. അവർ മനസ്സിൽ പറഞ്ഞത് ഇങ്ങനെ ആയിരിക്കാം. നമ്മുടെ സ്വന്തനേട്ടങ്ങളിൽ നിന്നൊക്കെ ഒഴിഞ്ഞുമാറി ദൈവകൃപയിൽ നമ്മെ ഏല്പിച്ചു കൊടുക്കാം. ദൈവത്തിന്റെ നന്മയിലും കൃപയിലും നമ്മെ സമർപ്പിക്കാം."

തനിക്കുതന്നെ ഉണ്ടായ ദൈവകൃപയുടെ അനുഭവം അവന് അറിയാമായിരുന്നിട്ടും അതിൽ ആശ്രയം കണ്ടെത്തേണ്ടത് എല്ലാവരുമല്ലായെന്നു യോനാക്കു തോന്നിയത് ഒരു അപൂർവ്വസംഭവമാണ്.

ക്രിസ്തീയ അനുഭവത്തിൽ അനുതാപമെന്നതു നിർണ്ണായ ഭാഗമായിരിക്കുന്നതെങ്ങനെ? നാം ആവർത്തിച്ചാവർത്തിച്ചു ചെയ്തുകൊണ്ടിരിക്കുന്ന പാപങ്ങളിൽപ്പോലും യഥാർത്ഥ അനുതാപം വേണമെന്നുള്ളതിന്റെ അർത്ഥം എന്താണ്?

## സ്വസ്ഥതയില്ലാത്ത കോപാകുല മിഷനറി

നിർഭാഗ്യവശാൽ യോനായുടെ കഥ മൂന്നാം അദ്ധ്യായം കൊണ്ട് അവസാനിക്കുന്നില്ല.

യോനാ 4:1–11 വായിക്കുക. യോനായുടെ പ്രശ്നം എന്താണ്? അവന്റെ തെറ്റായ സ്വഭാവരീതിയിൽനിന്നു നാം പഠിക്കുന്ന പാഠം എന്താണ്?

അവന്റെ വെളിമ്പ്രദേശ ദൗത്യം ഏറ്റവും വിജയകരമായിരിക്കുന്നതുകൊണ്ടു ദൈവത്തോടു കോപിക്കുന്ന യോനായെ നാലാം അദ്ധ്യായ ആരംഭത്തിൽ നാം കാണുന്നു. താൻ ഒരു വിഡ്ഢിയായിപ്പോയെന്നു യോനാക്കു തോന്നി അവൻ ഖേദിക്കുന്നു. വെറും ബാലിശക്കാരനും പിച്ചവെച്ചുമാത്രം നടക്കാൻ പരിചയക്കാരനുമായ യോനായെന്ന തന്റെ പ്രവാചകനോടു ദൈവം ന്യായവാദം നടത്തുന്നു.

ദൈവത്തിന്റെ യഥാർത്ഥ പിൻഗാമികൾ, പ്രവാചകന്മാരടക്കം എല്ലാവരും വളർച്ച പ്രാപിക്കേണ്ടതും ജയിച്ചുവരേണ്ടതും ആവശ്യമാണെന്ന് ഇവിടെ നാം തെളിവുകാണുന്നു.

"രട്ടിലും വെണ്ണീരിലും കിടന്ന് അനുതപിച്ച ആ ദുഷ്ടനഗരത്തോടുള്ള ദൈവത്തിന്റെ അതിശയമാർന്ന കൃപ കണ്ടുകൊണ്ടു മനസ്സലിഞ്ഞ് അതിനെ നശിപ്പിക്കാതിരുന്നതിൽ ആദ്യം ആനന്ദിക്കേണ്ടതു ദൂതുവാഹകനായിരുന്ന യോനാ ആയിരുന്നു. പക്ഷേ താൻ കള്ളപ്രവാചകനായി പരിഗണിക്കപ്പെടുമെന്നുള്ളതിൽ ഭയപ്പെടുവാൻ അവൻ തന്റെ മനസ്സിനെ ഏല്പിച്ചുകൊടുത്തു. ആ ദുഷ്ടനഗരത്തിലെ ആത്മാക്കളുടെ അനന്തമായ വിലയെ ഗൗനിക്കാതെ അവൻ സ്വന്ത പ്രശസ്തിയെ വലുതായി കണ്ടു" PK, P. 271.

തന്റെ പ്രവാചകനോടുള്ള ദൈവത്തിന്റെ ദീർഘക്ഷമ അത്ഭുതാവാഹം തന്നെ. യോനായെ തന്റെ ദൗത്യ നിർവ്വഹണത്തിന് ഉപയോഗിപ്പാൻ ദൈവം നിശ്ചയിച്ചിരുന്നെങ്കിലും ഓടി അകന്നുകളഞ്ഞ അവനെ യഥാർത്ഥവഴിയിൽ എത്തിക്കേണ്ടതിനു കൊടുങ്കാറ്റിനെയും മത്സ്യത്തെയും ഉപയോഗിച്ചു. ഇപ്പോഴും യോനായുടെ പെരുമാറ്റം വിപരീതമായി മാറിയതുകണ്ട് അവന്റെ ദുഷ്ടവിചാരം മാറ്റിയെടുപ്പാൻ ദൈവം വാദിക്കുന്നു. "നീ കോപിക്കുന്നതു വിഹിതമോ എന്നു യഹോവ ചോദിച്ചു" (യോനാ. 4:4).

ലൂക്കൊസ് 9:51–56 വായിക്കുക. ഇതു യോനായുടെ കഥയോട് ഏകദേശം സാമ്യമായിരിക്കുന്നത് എങ്ങനെ? യോനായുടെ കഥയിൽ പിന്നെ എന്തു സംഭവിച്ചു?

"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" യോഹ. 3:16. അതേ ദൈവം യോനാ 4:11 ൽ "എന്നാൽ വലങ്കയ്യും ഇടങ്കയ്യും തമ്മിൽ തിരിച്ചറിഞ്ഞു കൂടാത്ത ഒരു ലക്ഷത്തി ഇരുപതിനായിരത്തിൽ ചില്വാനം മുഷ്യരും അനേകം മൃഗങ്ങളുമുള്ള മഹാനഗരമായ നിനെവേയോട് എനിക്ക് അയ്യോ ഭാവം തോന്നരുതോ" എന്നു പറയുന്നു.

ദൈവത്തിന്റേതുപോലെ, അല്ലെങ്കിൽ ദൈവതുല്യമായ ദീർഘക്ഷമയും മഹാദയയും സഹിഷ്ണുതയും ഉണ്ടായിരിപ്പാനും അതു പ്രകടമാക്കുവാനും നമുക്കെങ്ങനെ പരിശീലിക്കാം?

## ഇരുവഴി തെരുവ്

യോനാ തന്റെ വിലയെക്കാളും കൂടുതൽ പ്രശ്നത്തിലായി. നിനെവേ ഭീതിജന്യ നഗരമായിരുന്നെങ്കിലും യോനായുടെ കഥയിൽ അങ്ങനെ കാണുന്നില്ല. ദൂത് അവർ വേഗം ഗ്രഹിക്കുകയും അനുതപിക്കുകയും ചെയ്തു. ഈ ദൗത്യകഥയിൽ യോനാ ഭീരുവായി കണപ്പെടുന്നു.

നിനെവേക്കാർ ദൈവത്തിങ്കൽ നിന്നുള്ള സന്ദേശം അറിയണമെന്നുള്ളതുകൊണ്ട് അതിൽ അശ്ശേഷം താല്പര്യമില്ലാതിരുന്ന യോനായെ ദൈവം പിന്തുടർന്നു.

യൂദായുടെ ലേഖനം വായിക്കുക “ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ കാത്തുകൊൾവിൻ” (യൂദാ 21) എന്നതിന്റെ അർത്ഥം എന്താണ്?

ഈ വാക്യത്തിന്റെ മറ്റൊരു വിവർത്തനം ഇങ്ങനെയാണ്. “നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയിൽ നിങ്ങൾക്കു നിത്യജീവൻ ലഭ്യമാകേണ്ടതിനു ദൈവസ്നേഹത്തിൽ നിങ്ങളെ കാത്തുകൊൾവിൻ.” വ്യക്തിപരമായി ദൈവസ്നേഹവും കൃപയും അനുഭവിക്കുന്നത് ഒരിക്കലത്തേക്കു മാത്രമുള്ള സംഭവമല്ല. “ദൈവസ്നേഹത്തിൽ നിങ്ങൾ” സൂക്ഷിക്കപ്പെടുന്നു എന്നുള്ളതും പൂർണ്ണതയിലെത്തുന്നതും നിങ്ങൾ മറ്റുള്ളവരെ സത്യങ്കലേക്കു വഴി നടത്തുമ്പോഴാണ്. “ചിലരെ തീയിൽനിന്നും വലിച്ചെടുത്തു രക്ഷിപ്പാൻ” നമ്മൾ കൃപയുള്ളവരായിരിക്കണം (യൂദാ. 21–23).

യൂദാ 20–23 വായിക്കുക. ഇവിടെ യോനായുടെ കഥയുമായി എന്തു ബന്ധമുണ്ട്? ഇതു നമ്മോടും എന്തു പറയുന്നു?

യോനക്കുണ്ടായ ദൈവവിളിക്കുമുമ്പ് അശ്ശൂർ ജനത്തെക്കുറിച്ച് അവൻ അധികമൊന്നും ചിന്തിച്ചിരിക്കാനിടയില്ല. അവരെ അവന് ഇഷ്ടമില്ലായിരുന്നുവെങ്കിലും അവരെ ഒഴിവാക്കിക്കളയത്തക്കവണ്ണം ചിന്തിക്കേണ്ടിവരുമെന്നവൻ അറിഞ്ഞിരുന്നില്ല. ദൈവവിളി വന്നതിനുശേഷമാണ് ഈ ചിന്തയും അവനിലുണ്ടായത്. ഒരു നിനെവേക്കാരൻ സ്വർഗ്ഗത്തിലാണെങ്കിൽപ്പോലും തന്റെ അയൽവാസിയായിരിക്കുന്നത് യോനാ ഇഷ്ടപ്പെട്ടില്ല. ദൈവത്തിന്റെ സ്നേഹം പോലെ തിരിച്ചങ്ങോട്ടു സ്നേഹിപ്പാൻ അവൻ പഠിച്ചിരുന്നില്ല. ദൈവം നിനെവേക്കാരെ ഇഷ്ടപ്പെടുകയും അവർ ദൈവരാജ്യത്തിൽ ഉണ്ടായിരിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്തുകൊണ്ട് യോനായെ അങ്ങോട്ടേക്ക് അയച്ചു. ദൈവം യോനായെ സ്നേഹിക്കകൊണ്ടാണ് അവനെ വിളിച്ചത്. ദൈവവും യോനായും ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ യോനാക്കു ദൈവസ്വഭാവം ഉണ്ടായിവരുമെന്നും അതിലവൻ വളർച്ച പ്രാപിച്ചുവരുമെന്നും ദൈവം ആശിച്ചു.

ദൈവഹിതം നിറവേറ്റി ദൈവത്തോടൊപ്പമുള്ള രക്ഷണ്യബന്ധം വർദ്ധിപ്പിച്ചെടുക്കുന്നതിനു മറ്റുള്ളവരിലേക്കു കടന്നു വിശ്വാസത്തിലും പ്രത്യാശയിലും അവരെ ചൂണ്ടിക്കാണിക്കുമ്പോൾ ദൈവം ആഗ്രഹിക്കുന്ന പ്രകാരമുള്ള സ്വസ്ഥത കൈവരും. ഇതു യോനായിലും വേണമെന്നു ദൈവം ആഗ്രഹിച്ചു.

മറ്റുള്ളവരുടെ രക്ഷയ്ക്കുവേണ്ടിയുള്ള പ്രവർത്തനം നിങ്ങൾ എത്ര സമയം ചെയ്യുന്നുണ്ട്? ഈ ജോലി ആത്മിക അർത്ഥത്തിൽ യേശുവിങ്കലെ ശരിക്കുള്ള സ്വസ്ഥത കണ്ടെത്തേണ്ടതിനു നമ്മെ എങ്ങനെ നടത്തുന്നു?

“യോനയ്ക്കുണ്ടായ ഒരു ഭാരിച്ച ഉത്തരവാദിത്വമാണ് കൊടുക്കപ്പെട്ടത്. എന്നാലും അവനെ അയച്ച സർവ്വശക്തൻ തന്റെ ദാസനെ നിലനിർത്താനും വിജയം നല്കാനും ശക്തനായിരുന്നു. പ്രവാചകൻ മറുചോദ്യം കൂടാതെ അനുസരിച്ചിരുന്നെങ്കിൽ കയ്പേറിയ അനുഭവങ്ങൾ കൂടാതെ ധാരാളമായി അനുഗ്രഹിക്കപ്പെടുമായിരുന്നു. എന്നിട്ടും യോനായുടെ നിരാശയിൽ ദൈവം അവനെ ഉപേക്ഷിച്ചുകളഞ്ഞില്ല. വിവിധങ്ങളായ പ്രതിസന്ധികളും കരുതലുകളും കൊണ്ടു പ്രവാചകന്റെ ആത്മധൈര്യത്തെ ദൈവത്തിന്റെ അതുല്യശക്തിയിലും രക്ഷണ്യ പ്രവർത്തനത്തിലും ദൈവം ഉറപ്പിച്ചു” PK, P. 266.

“വളരെ ലളിതവും വിനീതവുമാംവിധം ആയിരങ്ങളിലേക്ക് എത്തിച്ചേരാനാകും. സന്തോഷകരമാംവിധം ലോകജനം സംസാരിക്കുന്നതുപോലെ സ്വാഭാവികരീതിയിൽത്തന്നെ ദൈവത്തെ ആഴമായി സ്നേഹിക്കുന്ന ഒരു വ്യക്തി പറഞ്ഞുകേൾക്കുമ്പോൾ ബുദ്ധിജീവികളും ലോകപ്രകാരം ശ്രേഷ്ഠരുമായ സ്ത്രീപുരുഷന്മാരിൽപോലും ദൈവവചനത്തിന്റെ ശക്തി വ്യാപരിക്കും” COL, P. 232.

## ചർച്ചാചോദ്യങ്ങൾ

1. ജനം രക്ഷാപദ്ധതി സ്വീകരിച്ചപ്പോൾ അതിനു സാക്ഷിനിന്ന "ദൈവത്തിന്റെ പ്രവാചകൻ" ക്ഷോഭിച്ചു. ഇതേ മനോഭാവം യോനായിൽ ഉണ്ടായതു നാം എങ്ങനെ കണ്ടെത്തുന്നു. തങ്ങൾക്ക് ഏല്പിച്ചുകിട്ടിയ വെളിച്ചത്തിനു വിരുദ്ധമായി ജീവിക്കുമ്പോഴും ദീർഘക്ഷമ കാണിക്കുന്ന ദൈവസ്വഭാവത്തിന്റെ എത്ര ശക്തമായ ഉദാഹരണം?
2. വഴിതെറ്റി ഓടുന്ന ജനത്തെ രക്ഷിക്കുക മാത്രമല്ല, തന്നെ പിൻതുടരുന്നവർക്കു രൂപാന്തരം വരുത്തുവാനും കൂടെ ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നു യോനയുടെ കഥ നമ്മോടു പറയുന്നു. ഈ കാലത്തേക്കുള്ള ദൂതു നാം സ്വീകരിച്ചവരാണെങ്കിലും നമുക്കൊരു പുതുഹൃദയവും പുതിയൊരു ആത്മാവും എങ്ങനെ ലഭിക്കുവാനാകും? സത്യം അറിയുന്നതും സത്യത്തിലേക്കു പുതുക്കം പ്രാപിച്ചു എത്തിച്ചേരുന്നതും തമ്മിൽ വ്യത്യാസം എന്താണ്?
3. യൂദായുടെ ലേഖനം വീണ്ടും വായിക്കുക. അതിലെ പ്രധാനദൂത് എന്താണ്? ഇന്ന് ഈ ദൂതു സഭയ്ക്ക് ആവശ്യമായിരിക്കുന്നത് എന്തുകൊണ്ട്?
4. മറ്റുള്ളവരുടെ രക്ഷയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന അനുഭവം നമ്മുടെ ആത്മിക അവസ്ഥ വളർത്തുന്നത് എപ്രകാരമാണ്?
5. നിനെവേക്കു പോകുവാൻ മടിച്ചതിനു യോനായുടെ പക്കൽ എന്തെല്ലാം കാരണങ്ങളുണ്ടായിരുന്നുവെങ്കിലും അതിലൊക്കെ അവൻ എന്തുമാത്രം കുറ്റക്കാരനായിരുന്നുവെന്നു ദൈവം കാണിച്ചുകൊടുത്തു. യോനായുടെതുപോലുള്ള മനോഭാവം മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ നമ്മിൽ കാണപ്പെടുന്നുണ്ടോ?